# ഗ്രാമ കേന്ദ്രീകൃതമായ ഭരണം സ്ഥാപിക്കണം

# സാമ്പത്തിക ബാദ്ധ്യത രാഷ്ട്രീയകക്ഷികളും ഉദ്യോഗസ്ഥരും എറ്റെടുക്കണം

കേരളം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ ദിനങ്ങളിലൂടെ കടന്നു പോകുമ്പോൾ ധവളപത്രവും നികുതി വർദ്ധനവും ഏറെ ചർച്ച ചെയ്യപ്പെടുകയാണ്. സാമ്പത്തിക പ്രതിസന്ധിക്ക് യഥാർത്ഥ ഉത്തരവാദികൾ ആരെന്നതിലേക്ക് ചർച്ച എത്തുന്നമില്ല. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുള്ള ചർച്ചകളിൽ ഭരണധൂർത്തിനെതിരേയും അമിത ശമ്പളത്തിനെതിരേയും ഒറ്റപ്പെട്ട ശബ്ദങ്ങൾ മാത്രമേ ഉയർന്നു കേൾക്കുന്നുള്ളൂ. നികുതി വർദ്ധിപ്പിച്ചുകൊണ്ട് അസംഘിടിതരായ കർഷകരുടേയും സാധാരണ ജനങ്ങളുടെയും മേൽ അധികഭാരം കെട്ടിവയ്ക്കുന്നതിനാണ് ഭരണാധികാരികൾ ശ്രമിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ ഉത്തരവാദികൾ ആരെന്നതിനെക്കുറിച്ച് പരസ്പരം പഴിചാരലുകൾ മാത്രമാണ് ഇവിടെ നടക്കുന്നത്.

കേരളസംസ്ഥാന രൂപീകരണം മുതൽ സംസ്ഥാനം ഭരിച്ച എല്ലാ രാഷ്ട്രീയ പാർട്ടികളും ജോലിചെയ്ത മുഴുവൻ സർക്കാർ ഉദ്യോഗസ്ഥരും കേരളത്തിന്റെ സാമ്പത്തിക തകർച്ചക്ക് ഉത്തരവാദികളും കേരളത്തിന്റെ സാമ്പത്തികബാധ്യത ആനുപാതികമായി വീതിച്ചെടുക്കാൻ ബാധ്യസ്ഥരുമാണ്. പ്രധാന രാഷ്ട്രീയ പാർട്ടികളുടെ ആസ്തികൾ കണക്കുകൂട്ടിയാൽ അനേക കോടികൾ വരും. ഇതൊന്നും പൊതുജനങ്ങളിൽ നിന്നും സംഭാവന പിരിച്ചുണ്ടാക്കിയതല്ല. നേതാക്കളുടെ രഹസ്യ നിക്ഷേപം കണക്കാക്കാനാകാത്ത വിധം വേറെയുമുണ്ട്. ഭരണപാർട്ടികളുടെ ഒത്താശയോടെ കോടികൾ സമ്പാദിച്ച കമ്പനികളും വ്യക്തികളും നിരവധിയുണ്ട്. ഇക്കൂട്ടരാണ് സാമ്പത്തിക ബാധ്യത പരിഹരിക്കേണ്ടത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിന് ഭീമമായ സംഖ്യ വേണം. ഒരു സാധാരണക്കാരന്റെ വീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ- ചെലവും പ്രയോജനവും വിശകലനം(Cost Benefit Analysis)നടത്തുകയാണെങ്കിൽ- ഉദ്യോഗസ്ഥവൃന്ദം വെറുമൊരു വിഴുപ്പ് മാത്രമാണെന്ന് വ്യക്തമാകും. ഇത്രയും ഭാരിച്ച തുക മുടക്കി ഉദ്യോഗസ്ഥവൃന്ദത്തെ നിലനിർത്തേണ്ടിവരുന്നതെന്തുകൊണ്ടാണ്?

അധികാരവും ഭരണവും കേന്ദ്രീകൃതമായതുകൊണ്ട് കൂടുതൽ ഉദ്യോഗസ്ഥർ വേണ്ടിവരും. ഗ്രാമതലത്തിൽ മാത്രം തീരുമാനിക്കേണ്ട നിരവധി കാര്യങ്ങൾ ഇന്നും പലതട്ടുകൾ കയറിയിറങ്ങിയാണ് തീരുമാനിക്കപ്പെടുന്നത്. അധികാരവികേന്ദ്രീകരണം നാമമാത്രമായി നടത്തിയെങ്കിലും ഉദ്യോഗസ്ഥ സംവിധാനം വികേന്ദ്രീകരിക്കാതെ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുകയാണ് ചെയ്തത്. ഭരണരംഗം പൂർണ്ണമായും വികേന്ദ്രീകരിച്ച് അനാവശ്യ തസ്തികകൾ നിർത്തലാക്കണം.

വളരെ ചെറിയൊരു ശതമാനം വരുന്ന ഉദ്യോഗസ്ഥർക്ക് പൊതുഖജനാവിന്റെ ഭൂരിഭാഗവും മാറ്റിവയ്ക്കേണ്ടിവരുന്ന അവസ്ഥ ലജ്ജാകരവും ഭൂരിപക്ഷത്തിന്റെ ജീവിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യലുമാണ്. ഉന്നത ഉദ്യോഗസ്ഥർക്ക് ശമ്പള ഇനത്തിൽ മാത്രം മുപ്പതിനായിരം രൂപയോളം ലഭിക്കുന്നുണ്ട്. ഏറ്റവും താഴേക്കിടയിലുള്ള ഉദ്യോഗസ്ഥൻ മുതൽ രാഷ്ട്രപതി വരെ പന്ത്രണ്ട് തട്ട് വിവിധനിരക്കിൽ ശമ്പളം നൽകുന്നുണ്ട്.

ജീവിത ച്ചെലവിന്റെ പേരിലാണ് ശമ്പള വർദ്ധനവ് നടക്കുന്നത്.എല്ലാ മനുഷ്യർക്കും ജീവിക്കാനുള്ള ചെലവ് യുക്തിപരമായി ചിന്തിച്ചാൽ ഒന്നാണ്.ഒരു എം.എൽ.എയ്ക്കു വേണ്ടി പ്രതിമാസം പത്ത് ലക്ഷത്തോളം രൂപ ചെലവാക്കപ്പെടുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.പുതിയ നിയമസഭാ മന്ദിരം പണി കഴിപ്പിച്ചത് 90 കോടി രൂപ മുടക്കിയാണ്.ഭരണാധികാരികളുടെ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും ആഡംബരങ്ങൾക്കുമായി എത്ര കോടി രൂപയാണ് ചെലവാക്കുന്നത്.കേരളം സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുമ്പോൾ പുതിയ നിയമസഭാ കോംപ്ലക്സും മന്ത്രി മന്ദിരങ്ങളും വാടകക്ക് കൊടുക്കുകയാണ് ചെയ്യേണ്ടത്.മന്ത്രിമാർക്ക് ഒരു വീട് വാടകക്കെടുത്ത് താമസിക്കാൻ ശരാശരി 3000/- രൂപ മതിയാകും.ഉദ്യോഗസ്ഥതല യോഗങ്ങളും ഭരണതല കമ്മിറ്റികളും നടക്കുന്നത് പഞ്ചനക്ഷത്ര ഹോട്ടലുകളിലാണ്. ഇതവസാനിപ്പിക്കണം. അമിതമായ ശമ്പളവും ഉദ്യോഗസ്ഥ ഭരണവർഗ്ഗത്തിന്റെ ആഡംബരവും സമൂഹത്തിൽ ഉപഭോഗഭ്രാന്ത് വളർത്തിക്കൊണ്ടിരിക്കുന്നു.

യഥാർത്ഥ ഉത്പാദനം നടക്കേണ്ട കാർഷിക വൃത്തി മാന്യതയില്ലാത്തതാണെന്നും ഉദ്യോഗസ്ഥനാണ് മാന്യനെന്നും നാം വിധിയെഴുതുന്നു.അമിത ശമ്പളം വെട്ടിക്കുറക്കുകയാണെങ്കിൽ കാർഷിക വൃത്തിക്കും ഈ തൊഴിലുകൾക്കും മാന്യത കൈവരിക്കുകയും കൂടുതൽ പേർ കാർഷിക മേഖലയിലേക്ക് ആകൃഷ്ടരാകുകയും ചെയ്യും. അധിക നികുതി ഭാരം ജനങ്ങളുടെ മേൽ കെട്ടിവെച്ചു കൊണ്ട് വരുമാനമുണ്ടാക്കി ഉദ്യോഗസ്ഥഭരണവർഗ്ഗത്തെ തീറ്റി പോറ്റുകയല്ല വേണ്ടത്. സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് ഉന്നതോദ്യോഗസ്ഥരുടെയും ഭരണാധികാരികളുടെയും ശമ്പളവും ആനുകൂല്യങ്ങളും വെട്ടിക്കുറക്കുകയും അധികാരം പൂർണ്ണമായും വികേന്ദ്രീകരിച്ച് ഗ്രാമ കേന്ദ്രീകൃതമായ ഭരണം സ്ഥാപിക്കുകയുമാണ് വേണ്ടത്.

**അഡ്വ: ജോർജ്ജ് കുട്ടി കടപ്ലാക്കൽ**

## കത്തുകൾ – പ്രതികരണങ്ങൾ

### കേരളീയം, തൃശ്ശൂർ-21

## ഇൻസിനറേറ്ററുകൾ?

ഇൻസിനറേറ്ററുകൾ ലൈംഗിക വളർച്ചയെ തടയുമെന്ന എസ്. ഉഷയുടെ നീണ്ട കുറിപ്പ് ഉചിതമായി (ലക്കം 33). എന്നാൽ ഇൻസിനറേറ്ററുകൾ എന്താണെന്ന് വ്യക്തമായില്ല.

വിവരണം നൽകേണ്ടതായിരുന്നു.

ജോണി ജെ.പ്ലാത്തോട്ടം, പാല

*മാലിന്യങ്ങൾ ഇടുങ്ങിയ ഒരു അറയ്ക്കുള്ളിലാക്കി പുകയും ചാരവുമാക്കി മാറ്റുന്ന പ്രത്യേകതരം ചൂളയന്ത്രമാണ് ഇൻസിനറേറ്റർ.*

*വിശദീകരണം വിട്ടുപോയതിൽ ഖേദിക്കുന്നു. ചൂണ്ടിക്കാണിച്ചതിൽ നന്ദി.*

*പത്രാധിപർ.*

## അലുമിനിയം ഹാനികരം

അലുമിനിയം ഹാനികരമെന്ന് "കേരളീയം" പലപാട് എഴുതിയിട്ടുണ്ട്. "സഹോദര" (താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ) മാസികയായ Down to Earth ലേഖനങ്ങളും കുറിപ്പുകളും കേരളീയത്തിൽ പ്രസിദ്ധീകരിക്കാറുണ്ട്. എന്നാൽ ഇൻഡ്യൻ "Marketing Aluminium A Way of Life" എന്ന് ഒരു പിൻചട്ട (ഉൾഭാഗം- പരസ്യം മുഴുവനായി) ഡൗൺടു എർത്ത് കൊടുക്കുമ്പോൾ എന്തോ പേടി തോന്നുന്നില്ലേ? അലുമിനിയത്തേപ്പറ്റിയുള്ള പേടി അസ്ഥാനത്താണോ? അതോ Down to Earth ഒരു പരിസ്ഥിതി ബിസിനസ്സ് മാസിക മാത്രമാണോ? പ്രശ്നരുടെ മറുപടി പ്രതീക്ഷിച്ചുകൊണ്ട്

ഗിരിജ, കൊച്ചി